കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - സംസ്ഥാനത്ത് വകുപ്പിനു കീഴിലുള്ള 34 വനിതാ ശിശു ക്ഷേമ സ്ഥാപനങ്ങളിലായി സേവനമനുഷ്ഠിച്ചു വരുന്ന 40 മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്കും, ഒരു സ്റ്റാഫ് നഴ്സിനും 2024 സെപ്റ്റംബർ മുതൽ 2024 ഡിസംബർ വരെയുള്ള കരാർ അടിസ്ഥാനത്തിലുള്ള വേതനം, ഉത്സവബത്ത സഹിതം നൽകുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)390/2024/WCDD** **Dated,04/10/2024**

എ.എസ് നമ്പർ : AS/WCD/24/38153 കാലാവധി : 31/03/2025

പരാമർശം:- 1) 11.02.2021 ലെ സ.ഉ(പി) 29/2021- ധന നമ്പർ ഉത്തരവ്.
2) വനിത ശിശു വികസന ഡയറക്ടറുടെ 22.03.2024 ലെ ഡിഡബ്ല്യുസിഡി/1600/2024 -പിസി 1 നമ്പർ കത്ത്.
3) 05.06.2024 ലെ സ.ഉ(സാധാ) 184/2024-വശിവിവ നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള 34 വനിതാ ശിശു ക്ഷേമ സ്ഥാപനങ്ങളിലായി സേവനമനുഷ്ഠിച്ചു വരുന്ന 40 മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്കും 01 സ്റ്റാഫ് നഴ്സിനും 2024 മാർച്ച് മുതൽ 2025 ഫെബ്രുവരിയുള്ള കരാർ അടിസ്ഥാനത്തിലുള്ള വേതനം , ഉത്സവബത്ത എന്നിവ പരാമർശം (1) ലെ ഉത്തരവിനടിസ്ഥാനത്തിൽ അനുവദിച്ചു നൽകുന്നതിനായി 93,11,890/- രൂപ (തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി പതിനൊന്നായിരത്തി എണ്ണൂറ്റി തൊണ്ണൂറു രൂപ മാത്രം) 2235-02-001-89 (പി ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം വനിത ശിശു വികസന ഡയറക്ടർ അഭ്യർത്ഥിച്ചു.

2) വിഷയം പരിശോധിക്കവെ വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള 34 വനിതാ ശിശു ക്ഷേമ സ്ഥാപനങ്ങളിലായി സേവനമനുഷ്ഠിച്ചു വരുന്ന 40 മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്കും 01 സ്റ്റാഫ് നഴ്സിനും 2024 മാർച്ച് മുതൽ 2024 ആഗസ്റ്റ് വരെയുള്ള ഉത്സവബത്ത ഒഴികെയുള്ള കരാർ വേതനം അനുവദിച്ചു നൽകുന്നതിനായി പരാമർശം (3) പ്രകാരം 45,99,570/- രൂപ (നാൽപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി അഞ്ഞൂറ്റി എഴുപത് രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-001-89(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിനു അനുമതി നൽകിയിരുന്നു.

3) വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള വിവിധ ക്ഷേമസ്ഥാപനങ്ങളുടെ സുഗമമായ

AS/WCD/24/38153

പ്രവർത്തനത്തിനു മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ, സ്റ്റാഫ് നഴ്സ് എന്നിവരുടെ സേവനം അനിവാര്യമായതിനാൽ വനിത ശിശു വികസന വകുപ്പിനു കീഴിലുള്ള 34 വനിതാ ശിശു ക്ഷേമ സ്ഥാപനങ്ങളിലായി സേവനമനുഷ്ഠിച്ചു വരുന്ന 40 മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്കും 01 സ്റ്റാഫ് നഴ്സിനും 2024 സെപ്റ്റംബർ മുതൽ 2024 ഡിസംബർ വരെയുള്ള കരാർ അടിസ്ഥാനത്തിലുള്ള വേതനം , ഉത്സവബത്ത സഹിതം അനുവദിച്ചു നൽകുന്നതിനായി 31,79,130 രൂപ (18390*40*4 + 30995*1*4 + 2750*41) 2235-02-001-89(പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | Contract wage for MTCP and staff nurse for the period 09/2024 to 12/2024 in the institutions under WCDD including festival allowance. | 31,79,130 |
| ആകെ (മുപ്പത്തി ഒന്ന് ലക്ഷത്തിഎഴുപത്തി ഒൻപതിനായിരത്തി ഒരു നൂറ്റി മുപ്പത് രൂപ) | | **31,79,130** |

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

സന്തോഷ് കുമാർ റ്റി കെ
അഡീഷണൽ സെക്രട്ടറി
Women and Child Development

To
1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്.
2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ, എ &ഇ) ,കേരളം.
3) ധനകാര്യ വകുപ്പ് (ഡബ്ല്യൂസിഡി-1/104/2024-ധന (ഇ 2777421) ഫയൽ പ്രകാരം)
4) വെബ് & ന്യൂ മീഡിയ
5) ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.10.07 12:46:10 +05:30

AS/WCD/24/38153